**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2833** **13-02-2024 - ൽ മറുപടിയ്ക്ക്**

**അഴീക്കോട് മാരിടൈം കോളേജിൽ നൂതന കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ തുറമുഖ വകുപ്പിന്റെ കീഴിലുള്ള അഴീക്കോട് മാരിടൈം കോളേജിൽ മികച്ച ക്യാമ്പസ് സൗകര്യങ്ങൾ ഒരുക്കിയിരിക്കുന്ന സാഹചര്യത്തിൽ ഇവ പ്രയോജനപ്പെടുത്തും വിധമുള്ള നൂതന കോഴ്സുകൾ തുടങ്ങാൻ സാധിക്കുമോ; വിശദമാക്കുമോ; | (എ) | കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ കേരളാ മാരിടൈം ബോർഡിന്റെ കീഴിലുള്ള കൊടുങ്ങല്ലൂർ കേരള മാരിടൈം അക്കാദമയിൽ 2023 നവംബർ 9 മുതൽ പുതിയ ഐ വി റൂൾ പ്രകാരം വിവിധ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. അഞ്ചാമത്തെ ബാച്ചിന്റെ പരിശീലനം ടി ക്യാമ്പസിൽ നടന്നു കൊണ്ടിരിക്കുകയാണ്. |
| (ബി) | വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും കോളേജിൽ പുതിയ സർട്ടിഫിക്കേഷൻ കോഴ്സുകൾ തുടങ്ങുകയും ചെയ്ത് പ്രസ്തുത കോളേജിലേക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ? | (ബി) | നിലവിൽ 60 വിദ്യാർത്ഥികൾക്ക് ഒരേ സമയം താമസിച്ച് പഠിക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. കൂടുതൽ റസിഡൻഷ്യൽ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ